# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4875          14.11.2019-ൽ മറുപടി നൽകേണ്ടത്**

**<u>ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മാസ്റ്റർ പ്ലാൻ</u>**

| **<u>ചോദ്യം</u>**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | **<u>മറുപടി</u>**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മുമ്പ് നേരത്തെ ഭരണാനുമതി ലഭിച്ച് കെട്ടിട നിർമ്മാണം പൂർത്തിയായതിനാൽ ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ മാസ്റ്റർ പ്ലാനിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി മാസ്റ്റർപ്ലാൻ റിവൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ? | ഉണ്ട്. ടി നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സ്കൂളിൽ നേരിട്ട് അന്വേഷണം നടത്തുകയുണ്ടായി. പൊതു മരാമത്ത് വകുപ്പ് മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പരപ്പനങ്ങാടി അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവർ അന്വേഷണത്തിൽ പങ്കെടുക്കുകയുണ്ടായി. നിലവിൽ ടെണ്ടർ നടത്തി എഗ്രിമെന്റ് വച്ച പദ്ധതിയാണിതെന്നും ദേശീയ പാത വികസനത്തിന്റെ ഭാഗമായി സ്ഥലം എടുത്തുപോയതിനാൽ റിവൈസ് ചെയ്ത പ്ലാൻ പ്രകാരം പണി ആരംഭിക്കുവാൻ അനുമതി നൽകിയ സാഹചര്യമാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. മാസ്റ്റർപ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് തന്നെയാണ് നബാർഡ് ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നത്. നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടപ്പെടുന്നതിനാൽ നാല് ക്ലാസ് മുറികൾ ഒരു വശത്തും, രണ്ട് ക്ലാസ് മുറികൾ എതിർവശത്തും, മധ്യത്തിൽ ഇടനാഴിയും വരുന്ന രീതിയിൽ പ്ലാൻ റിവൈസ് ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.